12184
2/6/14

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി & ധനസഹായവിതരണം - നോട്ട് നിരോധനത്തെ തുടർന്ന്, നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിനു മുൻപിലും , പുതിയ നോട്ടിനു വേണ്ടി എ.റ്റി.എം-ന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായമായി രണ്ട് ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം: 167/2017/റവ. തിരുവനന്തപുരം, തീയതി, 26.05.2017

---

## ഉത്തരവ്

നോട്ട് നിരോധനത്തെ തുടർന്ന്, നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിനു മുൻപിലും , പുതിയ നോട്ടിനു വേണ്ടി എ.റ്റി.എം-ന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞ താഴെ പറയുന്ന നാല് പേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 200000 രൂപ (രണ്ട് ലക്ഷം രൂപ) വീതം ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായിവരുന്ന **800000/- രൂപ (എട്ട് ലക്ഷം രൂപ മാത്രം) 2075-00-800-40** Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്** അനുവദിക്കേണ്ടതും ജില്ലാ കളക്ടർമാർ തുക മരണമടഞ്ഞവരുടെ ആശ്രിതർക്ക് അടിയന്തിരമായി വിതരണം ചെയ്യേണ്ടതുമാണ്.

1) സി.ചന്ദ്രശേഖരൻ(68),(റിട്ട.ബി.എസ്.എൻ.എൽ ഉദ്യോഗസ്ഥൻ),കിഴക്കതിൽ വീട്,
ഇളവൂർ റോഡ് വിള,പള്ളിമൺ വില്ലേജ്,കൊല്ലം

2) കാർത്തികേയൻ(75), തകിടിയിൽ തെക്കതിൽ വീട്, കുമാരപുരം വില്ലേജ്
കാർത്തികപള്ളി താലൂക്ക്,ആലപ്പുഴ.

3) പി.പി.പരീത്,പരീച്ചിന്റെ പുരയ്ക്കൽ വീട്,കെ പുരം പി.ഒ,
താനാളൂർ,തിരൂർ താലൂക്ക്,മലപ്പുറം.

4) ഉണ്ണി. കെ.കെ. (48), (ഓവർസീയർ,കെ.എസ്.ഇ.ബി,പിണറായി)
പിലാഞ്ഞിദേശം,മക്രേരി അംശം കണ്ണൂർ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**വി.എച്ച് കുര്യൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ,കൊല്ലം, ആലപ്പുഴ, മലപ്പുറം,കണ്ണൂർ
ലാന്റ് റവന്യൂ കമ്മീഷണർ
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
ധനകാര്യ(ഫണ്ട്സ്)വകുപ്പ്/റവന്യൂ(ഡി.ആർ എഫ് -ബി,സി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി
അക്കൗണ്ടന്റ് ജനറൽ (A & E) തിരുവനന്തപുരം.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-05-2017

ഫയൽ നം.14985/ജി2/2017/റവ. ഇനം നം: 1037

വിഷയം : റവന്യൂ വകുപ്പ് - നോട്ട് നിരോധനത്തെ തുടർന്ന് നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിന് മുമ്പിലും, പുതിയ നോട്ടിന് വേണ്ടി എ.റ്റി.എം.-ന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നത്.

(xi) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. രണ്ട് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

Put up HO
18/5

S O
18/5/17

1037

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 14985/ജി. 2/17/റവ |
| 2. | വകുപ്പ് | : | റവന്യൂ (ജി) വകുപ്പ് |
| 3 | വിഷയം | : | നോട്ട് നിരോധനത്തെ തുടർന്ന് നിരോധിച്ച നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിന് മുമ്പിലും പുതിയ നോട്ടിന് വേണ്ടി എ. റ്റി. എം-നു മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/04/2017 |
| 5. | (1).ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ. ജെ. ബെൻസി |
| 8. | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. പി. എച്ച് കുര്യൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 09/05/2017 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീമതി. നളിനി നെറ്റോ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : | 12/05/2017 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 16/05/2017 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/05/2017 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

(6) നോട്ട് നിരോധനത്തെ തുടർന്ന് റദ്ദാക്കപ്പെട്ട നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിന് മുമ്പിലും പുതിയ നോട്ടിനു വേണ്ടി എ. റ്റി. എം.-നു മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നത് സംബന്ധിച്ചുള്ളതാണീ കുറിപ്പ്.

(7) 2) 27/02/2017-ന് ബഹു. മുഖ്യമന്ത്രി മറുപടി നൽകിയ പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.92-ന്, നോട്ട് നിരോധനത്തെ തുടർന്ന് പണം വാങ്ങുന്നതിനായി എ. റ്റി. എം-ന് മുൻപിലും ബാങ്കിനു മുൻപിലും ക്യൂ നിൽക്കുന്നതിനിടെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

(8) 3) നോട്ട് നിരോധനത്തെ തുടർന്ന് എ. റ്റി. എം-ന് മുമ്പിലും ബാങ്കിനു മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണപ്പെട്ടവരുടെ വിവരം താഴെ ചേർക്കുന്നു:-

1. ശ്രീ. സി. ചന്ദ്രശേഖരൻ (68), (റിട്ട. ബി. എസ്. എൻ. എൽ ഉദ്യോഗസ്ഥൻ), കിഴക്കതിൽ വീട്, ഇളവൂർ റോഡ് വിള, പള്ളിമൺ വില്ലേജ്, കൊല്ലം.
2. ശ്രീ. കാർത്തികേയൻ (75), തകിടിയിൽ തെക്കതിൽ വീട്, കുമാരപുരം വില്ലേജ്, കാർത്തികപള്ളി താലൂക്ക്, ആലപ്പുഴ.
3. ശ്രീ. പി. പി. പരീത്, പരീച്ചിന്റെ പുരയ്ക്കൽ വീട്, കെ പുരം പി. ഒ., താനാളൂർ, തിരൂർ താലൂക്ക്, മലപ്പുറം.
4. ശ്രീ. ഉണ്ണി. കെ. കെ. (48), (ഓവർസീയർ, കെ. എസ്. ഇ. ബി, പിണറായി), പിലാഞ്ഞി ദേശം, മക്രേരി അംശം, കണ്ണൂർ.

(9) 4) മേൽപ്പറഞ്ഞയാൾക്കാരുടെ കുടുംബ പശ്ചാത്തലം പരിശോധിച്ചതിൽ ഇവരുടെ സാമ്പത്തിക നില ശരാശരിയോ ശരാശരിക്ക് താഴെയോ മാത്രമേയുള്ളൂ. ആയതിനാൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ ധനസഹായത്തിന് അർഹരാണെന്ന് കാണാം.

(10) 5) ഇക്കാര്യത്തിന്മേൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട സംഗതി

ി നോട്ട് നിരോധനത്തെ തുടർന്ന് റദ്ദാക്കിയ നോട്ട് മാറിയെടുക്കുന്നതിനായി ബാങ്കിനു മുമ്പിലും പുതിയ നോട്ടിന് വേണ്ടി എ. റ്റി. എം-ന് മുമ്പിലും ക്യൂ നിൽക്കുന്നതിനിടെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിക്കണം? തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നൽകാമോ?